DESPATCHED
On. 05/03/2020
27/1/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1647*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **12291**/*എസ്.ഐ.സി-ജി 6/19)*
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എ.അബ്ദുൾ ഖരീം,
പൊയ്ക വിളാകത്തു വീട്,
കോലിയക്കോട് പി.ഒ., വെഞ്ഞാറമൂട്,
തിരുവനന്തപുരം – 695 607. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലി.,
കോപ്പറേറ്റ് ഓഫീസ്, മസ്കറ്റ് സ്ക്വയർ,
തിരുവനന്തപുരം 695 033.

2. അപ്പീൽ അധികാരി,
കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലി.,
കോപ്പറേറ്റ് ഓഫീസ്, മസ്കറ്റ് സ്ക്വയർ,
തിരുവനന്തപുരം 695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.05.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.07.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.07.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.അബ്ദുൾ ഖരീം, 18.07.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 20.07.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1647(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ അപ്പീൽ അധികാരി ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവയ്ക്കുകയാണ് ചെയ്തതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 02.05.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കെ.ടി.ഡി.സി.യിൽ പെൻഷൻ റിവൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചവരുടെ പെൻഷൻ റിവൈസ് ചെയ്യുന്നതിനുള്ള ഓപ്ഷൻ കെ.ടി.ഡി.സിയിൽ സ്വീകരിച്ച ഇൻവേഡ് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും ടി വ്യക്തികളുടെ പെൻഷൻ റിവൈസ് ചെയ്യുന്നതിനുള്ള ഓപ്ഷൻ റീജിയണൽ പി.എഫ്.ഓഫീസിലേയ്ക്ക് അയച്ച ഔട്ട് വേഡ് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 29.05.2019ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 06.07.2019ന് നൽകിയ മറുപടിയിൽ ടിയാന്റെ അപേക്ഷയിലെ 1, 2, 3 ഇൻവേഡ്, ഔട്ട് വേഡ് രജിസ്റ്ററുകളുടെ പകർപ്പുകൾ ലഭ്യമല്ലാത്തതിനാലാണ് നൽകാതിരുന്നതെന്നും 273 പേരോളം അടങ്ങുന്ന ഓപ്ഷൻ ഫോംസ് കിട്ടിയെങ്കിലും ടി വ്യക്തികളുടെ റെക്കാർഡുകൾ ലഭിക്കാൻ കാലതാമസം എടുത്തുവെന്നും കമ്പനീസ് ആക്ട് പ്രകാരം കെ.ടി.ഡി.സി പോലുള്ള സ്ഥാപനങ്ങളിൽ 8 വർഷത്തെ രേഖകൾ സൂക്ഷിച്ചാൽ മതിയെന്നതിനാലും പലരുടെയും കൈമാറി വന്നതിനാലും 1995 മുതലുള്ള രേഖകൾ പൂർണ്ണമായും ലഭ്യമല്ലായിരുന്നുവെന്നുമാണ്. എന്നിരുന്നാലും കൃത്യമായ രേഖകൾ ഉള്ളവരുടെ ഓപ്ഷൻ ഫോംസ് 2017 അവസാനത്തോടെ അയയ്ക്കാൻ സാധിച്ചുവെന്നും ബാക്കിയുള്ളവരുടെ ഓപ്ഷൻ ഫോംസ് പഴയകാല രേഖകൾ ലഭിക്കാത്തതിനാൽ ഉള്ള വർഷത്തെ രേഖകൾ വച്ച് പി.എഫ്. ഓഫീസിൽ കൊടു

ത്തപ്പോൾ സ്വീകരിച്ചില്ലെന്നും 1995 മുതൽ റിട്ടയറായ വർഷം വരെയുള്ള എല്ലാ വിവരങ്ങളും ഉണ്ടെങ്കിലേ സ്വീകരിക്കുകയുള്ളുവെന്നും അല്ലാത്തപക്ഷം പെൻഷനേഴ്സിന്റെ ഫോമുകൾ തിരിച്ചയ്ക്കുമെന്നും അറിയിച്ചിരുന്നുവെന്നും അതിൻപ്രകാരം തിരിച്ചു വാങ്ങി വീണ്ടും റെക്കാർഡുകൾ തെരഞ്ഞെങ്കിലും ലഭിക്കാത്തതിനാൽ സർവ്വീസ് ബുക്കിന്റെ സഹായത്തോടെ 3A calculate ചെയ്തുവെന്നും പല രജിസ്റ്ററുകളും (1995–2006) നശിച്ച് ചിതലരിച്ച നിലയിലുമാണ് കണ്ടെത്തിയതെന്നും അറുനൂറോളം പേജു വരുന്ന രജിസ്റ്ററുകളിൽ നിന്നും 100ൽ താഴെയുള്ളവരുടെ രേഖകൾ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 28.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഓപ്ഷൻ ഫോം ലഭിച്ചതെന്നാണ് എന്ന ചോദ്യത്തിന് മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഇൻവേഡ് ഔട്ട് വേഡ് രജിസ്റ്ററുകളുടെ കോപ്പികൾ ലഭ്യമല്ലാത്തതിനാലണ് നൽകാതിരുന്നതെന്നും 273 പേരോളം വരുന്നവരുടെ ഓപ്ഷൻ ഫോം കിട്ടിയെങ്കിലും അവരുടെ റെക്കാർഡുകൾ ലഭിക്കാൻ കാലതാമസം എടുത്തുവെന്നും കമ്പനീസ് ആക്ട് പ്രകാരം കെ.ടി.ഡി.സി പോലുള്ള സ്ഥാപനങ്ങളിൽ 8 വർഷത്തെ രേഖകൾ സൂക്ഷിച്ചാൽ മതിയെന്നതിനാലും കൈമാറി വന്നതിനാലും 1995 മുതലുള്ള രേഖകൾ പൂർണ്ണമായും ലഭ്യമല്ലായിരുന്നുവെന്നും ലഭ്യമായ രേഖകൾ നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയുരുത്തി ഇന്നേദിവസം 2020 ജനുവരി 27–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/